# ACADEMIC MASTER PLAN

# A.U.P.S. PERINCHERY

## 2025 - 2026

# ആമുഖം

ഒരു വിദ്യാലയത്തിലെ
പ്രവർത്തനങ്ങളാണ് ആ
വിദ്യാലയത്തിന്റെ
മാറ്റുരയ്ക്കുന്നത്.വ്യത്യസ്തവും
ഭാവനപരവുമായപ്രവർത്തനങ്ങളാ
ണ് ഞങ്ങളുടെ കൊച്ചു വിദ്യാലയം
വിഭാവനം
ചെയ്തിരിക്കുന്നത്.ഓരോ
കുട്ടിക്കും അവരുടെ
കഴിവിനനുസരിച്ചുള്ള
പ്രവർത്തനങ്ങൾ ചെയ്യുവാൻ
ഞങ്ങൾ ശ്രദ്ധിക്കുന്നു.ഇതുവഴി
ഞങ്ങളുടെ വിദ്യാർത്ഥികൾക്ക്
സമൂഹത്തിലെ ഉയർന്ന നിലകളിൽ
എത്തുവാൻ കഴിയുമെന്ന്
ഞങ്ങൾക്ക്
ഉറപ്പുണ്ട്.സ്കോളർഷിപ്പ്
പരിശീലനങ്ങൾ,താഴ്ന്ന
നിലവാരക്കാരായകുട്ടികൾക്കുള്ള
പുതുമയുള്ളതുമായ
പ്രവർത്തനങ്ങൾ എന്നിവ
നൽകുന്നതിന് ഞങ്ങളുടെ
വിദ്യാലയം ഊന്നൽ
നൽകുന്നു.അതോടൊപ്പം
സമൂഹത്തെ കാർന്നു തിന്നുന്ന
ലഹരിക്കെതിരെ
ബോധവൽക്കരണം,പരിസ്ഥിതി
സംരക്ഷണ അവബോധം,ഡിജിറ്റൽ
അച്ചടക്കം,ശുചിത്വം,ഹരിത
ക്യാമ്പസ്,പൊതുമുതൽ
സംരക്ഷണം എന്നിവയ്ക്ക്
പ്രാധാന്യം നൽകുന്നു.

## ഉച്ചഭക്ഷണം

കുട്ടികൾക്ക് പോഷകപ്രദവും
ആരോഗ്യ ദായികവുമായ ഭക്ഷണം
നൽകുന്നതിലൂടെ നല്ല
ആരോഗ്യമുള്ള തലമുറയെ
വാർത്തെടുക്കാം.കുട്ടികൾക്ക്
ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ
ആവശ്യമായ ഒരു ഡൈനിങ് ഹാൾ
സജ്ജീകരിക്കാൻ ഞങ്ങൾ
ശ്രമിക്കുന്നുണ്ട്.രണ്ടുതരം
കാര്യങ്ങൾ മാറ്റി രണ്ട് തവണ പാൽ
മുട്ട തിളപ്പിച്ചാറിയ വെള്ളം
കൊടുക്കുംരണ്ട് തരം
കറികളും,ആഴ്ചയിൽ രണ്ട് തവണ
പാൽ,മുട്ട,തിളപ്പിച്ചാറിയ വെള്ളം
ഇവ കൊടുക്കുന്നു.മാസത്തിൽ
ഒരുതവണ
ബിരിയാണിയും,പായസവും
മാറിമാറി നൽകാറുണ്ട്.കൂടാതെ
പുതിയ മെനു
അനുസരിച്ചുള്ളപോഷകപ്രദമായ
ഭക്ഷണംഉച്ചഭക്ഷണത്തിന്റെ ഭാഗം
ആക്കുവാൻ ഞങ്ങൾ തീരുമാനിച്ചു

## ഹെൽത്ത്

പോഷകപ്രദമായ
ഭക്ഷണത്തോടൊപ്പം കുട്ടികൾക്ക്
അസംബ്ലിയിൽ ചെറു
വ്യായാമങ്ങളും ഈ വർഷം മുതൽ
സൂംബഡാൻസും പ്രാക്ടീസ്
നൽകുവാൻ
തീരുമാനിച്ചു,ആഴ്ചയിൽ ഒരു
ദിവസം കായിക അധ്യാപകൻ
കായിക പരിശീലനവും ആരോഗ്യ
വിദ്യാഭ്യാസവും നൽകിവരുന്നു.

# ഗണിത ശാസ്ത്രം

ചിലവിദ്യാർത്ഥികൾക്ക് ഏറെ ബുദ്ധിമുട്ടുള്ളതും എന്നാൽ ജീവിതത്തിൽ അനിവാര്യവുമായ വിഷയമാണ് ഗണിത ശാസ്ത്രം.

ഈ ഗണിത ശാസ്ത്രത്തെ എങ്ങനെ രസകരമാക്കാം എന്ന് ആലോചിച്ചു. ആദ്യമായി ഞങ്ങൾ ചെയ്യുന്നത് ചതുഷ്ക്രിയകൾ ഉറപ്പിക്കലാണ്. എല്ലാ ദിവസവും ഗുണനം, ഹരണം, സങ്കലനം, വ്യവകലനം എന്നീ ക്രിയകൾ വിദ്യാർത്ഥികൾക്ക് നൽകുന്നു. ഓരോ മാസവും എടുക്കേണ്ട പാഠങ്ങൾ എടുത്ത് തീർത്ത് റിവിഷൻ ചെയ്യിക്കുന്നു. ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം തിരഞ്ഞെടുത്ത് പഠിപ്പിക്കുന്നു. മിടുക്കരായ കുട്ടികൾക്ക് അധിക പഠനത്തിനുള്ള അവസരം നൽകുന്നു.

ഗണിത ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുന്നു. എല്ലാ ആഴ്ചയിലും ക്ലബ്ബ് അംഗങ്ങൾ ഒത്തുകൂടുന്നു. ഗണിത ശാസ്ത്ര പ്രശ്നോത്തരി നടത്തുന്നു. ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നു. ഗണിത ലാബ് സജ്ജീകരിക്കുന്നു.

ഗണിത ശാസ്ത്രത്തിൽ മിടുക്കരായ വിദ്യാർത്ഥികളെ വിളിച്ച് വിദ്യാർത്ഥികളിൽ ബോധവത്ക്കരണം നടത്തുന്നു.

പഠനോപകരണങ്ങൾ നിർമ്മിക്കാനുള്ള ക്ലാസ്സുകൾ, ഒരിഗാമി ക്ലാസ്സ് എന്നിവ നടത്തുന്നു. രക്ഷിതാക്കളുടെ സഹായം തേടാം. ദിനാചരണങ്ങൾ നടത്തുന്നു. സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുമ്പോൾ ജ്യാമതീയ രൂപങ്ങൾ ആയി നിർമ്മിക്കാം. ഗണിത ശാസ്ത്ര തത്വങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിന് ഐ.സി.ടിയുടെ സഹായം തേടാം.

ഓരോ മാസവും കുട്ടിയുടെ പഠനപുരോഗതി മനസ്സിലാക്കി രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു. ഓരോ മാസവും ഗണിത ശാസ്ത്രത്തിന് പ്രത്യേക ക്ലാസ്സ് ടെസ്റ്റ് ഉണ്ട്. ഏഴാം സ്റ്റാൻഡേർഡുകാർക്ക് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നു. മാത്ത്സ് ടാലന്റ് പരീക്ഷ എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു.

## ഗണിത ശാസ്ത്രം (V-VII)

| Objectives | Activities | Finance |
|---|---|---|
| വിദ്യാർത്ഥികളിൽ ഗണിതാവബോധം വളർത്തുന്നതിന് | ഗണിത ശാസ്ത്രക്വിസുകൾ, puzzles എല്ലാ മാസവും നടത്തുന്നു. | Teachers, Old Students |
| ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തുന്നു. | സെമിനാറുകൾ ഗണിത ശാസ്ത്രം നിത്യ ജീവിതത്തിൽ<br>ഗണിത ശാസ്ത്രജ്ഞന്മാർ (ചരിത്രം)<br>ICT CLASS | Teachers, Old Students |
| നിർമ്മാണത്തിലുള്ള താല്പര്യം വർദ്ധിപ്പിക്കുന്നു.<br>സഞ്ചാരതാല്പര്യം വർദ്ധിപ്പിക്കുന്നു. | പഠനോപകരണ ശില്പശാല<br>പഠനയാത്രകൾ, ഗണിത ശാസ്ത്ര പ്രദർശനങ്ങൾ എന്നിവ നടത്തുന്നു. | PTA |

## ഭാഷാവിഷയങ്ങൾ

| | | |
|---|---|---|
| അഭിനയ മികവ് വളർത്തുന്നു<br>കഥ-കവിതാരചന ശില്പശാല<br>സഞ്ചാര താല്പര്യം വർദ്ധിപ്പിക്കുന്നു.<br>നാടൻകലകളെ പരിചയപ്പെടുത്തുന്നതിന്<br>പിന്നോക്കനിലവാരക്കാരെ മുന്നോക്കത്തിലേക്ക് കൊണ്ടുവരുന്നതിന് | നാടകാഭിനയ ശില്പശാല<br>മാജിക്ക് ക്ലാസ്സ്<br>കഥാ-കവിതാരചന ശില്പശാല<br>പഠനയാത്ര -ചെറുതുരുത്തി കലാമണ്ഡലം<br>അക്ഷരകളരി ക്ലാസ്സ് | പൂർവ്വ വിദ്യാർത്ഥികൾ<br>ബി.ആർ.സി. പഞ്ചായത്ത്<br>രക്ഷിതാക്കൾ |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കുട്ടികൾക്ക് ജൈവവൈവിധ്യം, ഭക്ഷ്യഭക്ഷക ബന്ധം, ഔഷധ സസ്യങ്ങൾ, വിവിധതരം ജീവികൾ, ആവാസ വ്യവസ്ഥ എന്നിവയെ കുറിച്ച് അറിയാൻ പഠനയാത്ര നടത്തുന്നു. | **പഠനയാത്ര**<br>മണ്ണുത്തി കാർഷിക സാർവ്വകലാശാല, തൈക്കാട്ടുശ്ശേരി ആയുർവ്വേദ മ്യൂസിയം, കെ.എഫ്.ആർ.ഐ. എന്നിവിടങ്ങളിലേക്ക് പഠനയാത്ര നടത്തുന്നു. | പി.ടി.എ.<br>എക്കോ ക്ലബ്ബ് |
| വിവിധ വിഷയങ്ങളെ കുറിച്ച് കൂടുതൽ അറിയാൻ സെമിനാറുകൽ സംഘടിപ്പിക്കുന്നു. ബഹിരാകാശം, മലിനീകരണം, പരിഹാരമാർഗ്ഗങ്ങൾ എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നു. | **സെമിനാർ**<br>ബാബാ ആറ്റോമിക് റിസർച്ച് സെന്ററിലെ ശാസ്ത്രജ്ഞൻ ശ്രീ. ഗോവിന്ദൻകുട്ടിസാറിന്റെ ക്ലാസ്സ് വിദഗ്ധരെ ഉൾപ്പെടുത്തുന്നു. | പൂർവ്വ വിദ്യാർത്ഥി |
| കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം, പരീക്ഷണം ചെയ്യാനും കണ്ടെത്താനും ഉള്ള താല്പര്യം വർദ്ധിപ്പിക്കൽ | **ശാസ്ത്രോത്സവം**<br>ചുറ്റുപാടിലെ വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണ നിർമ്മാണം, ചെറിയ പരീക്ഷണങ്ങൾ എന്നിവ നടത്തുന്നു. പ്രദർശനം നടത്തുന്നു. | ചുറ്റുപാ ടിൽ നിന്ന് |

ശാസ്ത്രവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഓരോ കുട്ടിക്കും തൊട്ടും കണ്ടും അറിഞ്ഞും ചെയ്യാൻ കഴിയുന്ന രീതിയിൽ പരീക്ഷണങ്ങളും പ്രവർത്തന ങ്ങളും ഒരുക്കുന്നു. ഐ.സി.ടിയുടെ സാധ്യതകളെല്ലാം ഓരോ കുട്ടിക്കും ഓരോ ക്ലാസ്സിലും ലഭിക്കത്തക്ക രീതിയിൽ തയ്യാറാക്കുന്നു.

എല്ലാ കുട്ടികൾക്കും ചെയ്യാവുന്ന രീതിയിൽ ലാബുകൾ സജ്ജീകരിക്കുന്നു. പഠ നോപകരണനിർമ്മാണവും അവയുടെ ഉല്പന്നങ്ങളുടെ പ്രദർശനവും നടത്തുന്നു. പഠനയാത്രകൾ നടത്തുന്നു. ശാസ്ത്ര സെമിനാറുകൾ, പ്രോജക്റ്റുകൾ, ശാസ്ത്ര ക്വിസ് മത്സരങ്ങൾ എന്നിവ നടത്തി കുട്ടികൾക്ക് വേണ്ട പ്രോത്സാഹന ങ്ങൾ നൽകുന്നു. പതിപ്പുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. ശാസ്ത്രോത്സവം പോലുള്ള പരിപാടികൾ നടത്തുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി നടത്തുന്നു. എല്ലാ കുട്ടികൾക്കും ഓരോ ശാസ്ത്രകിറ്റുകൾ ഓരോ ക്ലാസ്സിലും ശാസ്ത്രമൂല എന്നിവ തയ്യാറാക്കുന്നു. ലഘു പരീക്ഷണങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

## സോഷ്യൽ സയൻസ്

സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജമാക്കണം. വിദ്യാലയത്തിന്റെയും ക്ലാസ്സുകളു ടെയും ചുമരുകളിൽ വിവിധ ഭൂപടങ്ങളും മഹത് വ്യക്തികളുടെ വചനങ്ങളും ആലേഖനം ചെയ്യണം. ലാബിനുള്ളിൽ വിവിധ ഭൂപടങ്ങൾ, അറ്റ്ലസ്, ഗ്ലോബ്, സൗരയൂഥത്തിന്റെ മാതൃക തുടങ്ങി. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട മാതൃ കകൾ ലഭ്യമാക്കണം.

എല്ലാ ക്ലാസ്സിനും സ്മാർട്ട് ക്ലാസ്സ് റൂം ഉണ്ടാവണം. ഇന്റർനെറ്റ് സൗകര്യം എല്ലാ ക്ലാസ്സിലേക്കും ലഭിക്കണം. കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അപ്പോൾതന്നെ കണ്ടുപിടിച്ച് പഠിക്കാൻ കഴിയണം. പുസ്തകങ്ങൾ, കുട്ടികളുടെ വർക്കുകൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേകം ഷെൽഫുകൾ ഉണ്ടായിരിക്കണം. ക്ലാസ്സ് ലൈബ്രറി ഉണ്ടാകണം. വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങളുടെ ഫോട്ടോസ് ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ആൽബം തയ്യാറാക്കണം. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ നട ത്തണം.

# ഹിന്ദി

ജൂൺ മാസത്തിൽ ഹിന്ദി ക്ലബ്ബിന്റെ ഉദ്ഘാടനം, പരിസ്ഥിതി ദിനാഘോഷം, വായനാദിനാചരണം ഇവ നടത്തുന്നു.

ജൂലൈ മാസത്തിൽ പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് കവി പരിചയം, പ്രേംചന്ദിന്റെ ജീവചരിത്രം എന്നിവ എഴുതി വായിക്കുന്നു. പ്രേംചന്ദിനെ കുറിച്ച് ടീച്ചർ വിശദീകരിക്കുന്നു.

ആഗസ്റ്റ് മാസത്തിൽ ഹിന്ദി ദിനാചരണത്തിന്റെ ഒരുക്കം, സെപ്തംബർ 14-ാം തിയ്യതി ഹിന്ദി വാരാചരണ ഉദ്ഘാടനം, വിവിധ മത്സരങ്ങൾ, സമ്മാനദാനം, സമാപന ആഘോഷം എന്നിവ നടത്തുന്നു. ഒക്ടോബർ മാസത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് ഗാന്ധിജിയെക്കുറിച്ച് കവിത, വിവരണം എന്നിവ നടത്തുന്നു.

നവംബർ മാസത്തിൽ ശിശുദിനത്തെ കുറിച്ച് പറയുന്നു. നെഹ്റുവിന്റെ കുറിപ്പ് തയ്യാറാക്കുന്നു.

ജനുവരിയിൽ റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് പോസ്റ്റർ, സൂചനാബോർഡ് എന്നിവ നിർമ്മിക്കുന്നു. ഫെബ്രുവരിയിൽ ശാസ്ത്രദിനവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനവും പോസ്റ്ററുകളും നിർമ്മിക്കുന്നു. മാർച്ച് മാസത്തിൽ മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കുട്ടികളുടെ കഴിവിനനുസരിച്ച് ലഘൂകരിച്ച് കൊടുക്കുന്നു.

# സംസ്കൃതം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷങ്ങളുടെ പേരുകൾ, ഗുണങ്ങൾ എന്നിവ സംസ്കൃതഭാഷയിൽ എഴുതി പ്രദർശനം നടത്തുന്നു. പരിസ്ഥി സംരക്ഷണം എന്ന വിഷയത്തിൽ ഉപന്യാസം സംസ്കൃത ഭാഷയിൽ എഴുതിപ്പിക്കുന്നു.

വായനാദിനത്തോടനുബന്ധിച്ച് സംസ്കൃത പുസ്തകങ്ങൾ വായനക്കായി നൽകി. അതിൽ നിന്നും ആസ്വാദക്കുറിപ്പ്, എഴുതിപ്പിക്കുന്നു. സംസ്കൃതത്തിൽ വായിച്ച പുസ്തകത്തെക്കുറിച്ച് അസംബ്ലിയിൽ പറയിക്കുന്നു. സംസ്കൃതഭാഷയിൽ പ്രസംഗമത്സരം നടത്തുന്നു.

എല്ലാ മാസങ്ങളിലും സമസ്യാപുരണ മത്സരം നടത്തി വരുന്നു. ചെറിയ ചെറിയ ഗാനങ്ങളുടെ സി.ഡി. പ്രദർശനം നടത്തുന്നു.

ആഗസ്റ്റ് 15 നോടനുബന്ധിച്ച് സംസ്കൃതത്തിലുള്ള ദേശഭക്തി ഗാനങ്ങളുടെ ആലാ
പന മത്സരം നടത്താൻ തീരുമാനിച്ചു. പോസ്റ്റർ നിർമ്മാണം, സ്വാതന്ത്ര്യ സമരനേ
താക്കളുടെ ചരിത്രവർണ്ണന സംസ്കൃതത്തിൽ എഴുതിപ്പിക്കുവാൻ തീരുമാനിച്ചു.

ഓണാഘോഷത്തിന്റെ ഭാഗമായി പൂക്കള മത്സരത്തിന് ഉപയോഗിച്ച പൂക്കളുടെ
ചിത്രം വരച്ച് പേരുകൾ സംസ്കൃതത്തിൽ എഴുതിക്കുക, ആശംസാ കാർഡ്
സംസ്കൃതഭാഷയിൽ നിർമ്മിക്കുക, ഓണത്തിന്റെ ഐതിഹ്യം സംസ്കൃതത്തിൽ
എഴുതിപ്പിക്കുക, വഞ്ചിപ്പാട്ട് സംസ്കൃതഭാഷയിൽ അവതരിപ്പിക്കുക എന്നീ
പ്രവർത്തനങ്ങൾ.

സംസ്കൃത ദിനത്തിൽ ഭാഷയുടെ മഹത്വത്തെക്കുറിച്ചും പഠിക്കുന്നതിന്റെ ആവ
ശ്യകതയെക്കുറിച്ചും ഒരു പ്രമുഖ വ്യക്തിയെ പങ്കെടുപ്പിച്ച് പ്രഭാഷണം സംഘടി
പ്പിക്കാൻ തീരുമാനിച്ചു.

സംസ്കൃത ദിനത്തോടനുബന്ധിച്ച് കാവ്യാലാപനം, പദ്യോച്ചാരണം, കഥാരച
ന, കവിതാരചന എന്നീ മത്സരങ്ങൾ നടത്താനും, സംസ്കൃതത്തിലുള്ള പ്രശ
സ്തമായ പുസ്തകങ്ങളുടെ ഒരു പ്രദർശനം നടത്താനും, ദശപുഷ്പങ്ങളുടെ പേരു
കൾ സംസ്കൃതഭാഷയിൽ എഴുതി പ്രദർശിപ്പിക്കുവാനും, പഠനോപകരണങ്ങൾ,
പഴങ്ങൾ, പച്ചക്കറികൾ, പുഷ്പങ്ങൾ എന്നിവയുടെ പ്രദർശനം നടത്താനും തീരു
മാനിച്ചു. ഇതിനോടനുബന്ധിച്ച് ഒരു സംസ്കൃത സംഭാഷണ ശിബിരം നടത്താനും
അതിൽ കുട്ടികളെയും, താല്പര്യമുള്ള രക്ഷിതാക്കളെയും പങ്കെടുപ്പിക്കുവാനും
തീരുമാനിച്ചു.

ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് മഹാത്മാഗാന്ധിയുടെ ജീവചരിത്രം
സംസ്കൃതഭാഷയിലെഴുതി പ്രദർശിപ്പിക്കുന്നു. അതിന്റെ ഒരു മത്സരം സംഘടി
പ്പിക്കുന്നു. ശിശുദിനത്തിന്റെ ഭാഗമായി ജവഹർലാൽ നെഹ്റുവിനെക്കുറിച്ച്
സംസ്കൃതത്തിൽ ജീവനചരിതം എന്ന മത്സരം നടത്തുന്നു. വിവിധ മത്സരങ്ങൾ
നടത്തുന്നു. സംസ്കൃതോത്സവത്തിൽ പങ്കെടുക്കുന്നതിനാവശ്യമായ തയ്യാറെടു
പ്പുകൾ നടത്തുന്നു.

എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി തുടക്കം
മുതൽക്കുതന്നെ അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നു. അവർക്ക് ഒരു
പ്രത്യേകസമയം നിശ്ചയിച്ച് പഠിപ്പിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ
ദിനാചരണങ്ങൾ നല്ല രീതിയിൽ നടത്താൻ തീരുമാനിക്കുന്നു. ജനുവരിമാസത്തിൽ
നടക്കുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ കുട്ടികളെ പഠിപ്പിച്ച് പങ്കെടുപ്പിക്കുന്നു.

# മലയാളം

കുട്ടികളിൽ അടിസ്ഥാനമില്ലാത്ത കുട്ടികൾക്ക് ഞങ്ങൾ പ്രത്യേകം ക്ലാസ്സുകൾ വെക്കുന്നു. അക്ഷരമാല കുട്ടികളിൽ സ്പഷ്ടമാക്കുന്നു. ചേർത്ത് വായിപ്പിച്ച് അക്ഷരങ്ങൾ വ്യക്തമാക്കുന്നു. ഉച്ചരിക്കാൻ വിഷമമുള്ള കുട്ടികളെ ബി.ആർ.സി. യിൽ തെറാപ്പി മുഖേന പരിശീലനം കൊടുക്കുന്നു. അവരെ ഒരു പരിധിവരെ മുന്നോട്ടു കൊണ്ടുവരാൻ കഴിയുന്നു. അലസമനോഭാവക്കാരെ വായനയിലൂടെയും ചെറിയ വാക്കുകൾ എഴുതിപ്പിച്ചും അഭ്യസിപ്പിക്കുന്നു. കാർഡിൽ എഴുതിയ വാക്കുകൾ വായിപ്പിക്കുന്നു. ചിത്രം കാണിച്ച് അക്ഷരങ്ങൾ ഉറപ്പിക്കുന്നു. ആവർത്തനം മൂലം അക്ഷര വ്യക്തത വരുത്തുന്നു. രണ്ടുവര കോപ്പി ഉപയോഗിക്കുന്നതുമൂലം കൈയക്ഷരം നന്നാക്കിയെടുക്കാൻ കഴിഞ്ഞു. ചെറിയ കഥകൽ വായിച്ചും, പദ്യങ്ങൾ ചൊല്ലിയും രസകരമാക്കുന്നു.

## ഭൗതികമായ മാറ്റം

| Objectives | Activities | Finance |
|---|---|---|
| ജൈവ വൈവിധ്യപാർക്ക്<br>പ്രകൃതിയുമായി ബന്ധപ്പെടുത്തുന്നു<br>സ്മാർട്ട് ക്ലാസ്സ് റൂം | ജൈവ വൈവിധ്യ പാർക്ക്<br>രണ്ട് ക്ലാസ്സ് റൂമുകൾ ടൈൽസ് ഇടുന്നു.<br>ഫാൻ, ഗ്രിൽ എന്നിവ ഇട്ട് മുറികൾ കളർഫുൽ ആക്കുന്നു<br>ഹാൾ വാർത്ത് ടൈൽ ഇടുന്നു | 10,000 പൂർവ്വ വിദ്യാർത്ഥികൾ<br>അധ്യാപകർ<br>മാനേജ്മെന്റ് |

## സാമൂഹികം

| | | |
|---|---|---|
| | മദ്യവിമുക്തഗ്രാമം - ഗാന്ധീദർശന്റെ ആഭിമുഖ്യത്തിൽ മദ്യപാനശീലമുള്ള കുട്ടികളുടെ രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നു.<br>പ്ലാസ്റ്റിക് വിമുക്തവിദ്യാലയം - പെരിഞ്ചേരി പള്ളിയുമായി സഹകരിച്ച് പ്ലാസ്റ്റിക് വിമുക്ത വിദ്യാലയത്തിന് തുടക്കമിടുന്നു. | |

## ശാസ്ത്ര ക്ലബ്ബുകൾ

ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ ആഴ്ചയിലും ഒരുദിവസം റാപ്പിഡ് ക്വിസ്, ഒരു ലഘുപരീക്ഷണം എന്നിവ പൊതുവായി സ്കൂളിൽ നടത്തുന്നു. ശാസ്ത്ര ജ്ഞരെ പരിചയപ്പെടുത്തുന്നു. അവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്ലാസ്സു കളിൽ പ്രദർശിപ്പിക്കുന്നു. പഠനോപകരണ നിർമ്മാണം നടത്തുന്നു. പതിപ്പുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

## ശാസ്ത്രോത്സവം

എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളും പഠനോപകരണ നിർമ്മാണവും നടത്തുന്നു.

ഗണിതശാസ്ത്രം 2025-2026

അക്കാദമിക് മാസ്റ്റർ പ്ലാൻ മേഖല - യു.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ - ജൂലൈ ആഗസ്റ്റ് | ഗണിത അധ്യാപിക | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപശാല<br>ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം. | ഗണിത അധ്യാപകർ ഗണിതക്ലബ്ബ് അംഗങ്ങൾ | 2000 |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ICT സാധ്യതകൾ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കുന്നു. | നവംബർ ഡിസംബർ | ഗണിത അധ്യാപകർ | പി.ടി.എ |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. | ആവശ്യാനുസരണം | SRG | |

| | | | | | |
|---|---|---|---|---|---|
| → ഗണിതത്തിൽ പി-ന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക-ണ്ടെത്തി, ഗണിത അധ്യാ-പകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികൾ | | |
| → ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം ഗണിതത്തിൽ പ്രാവിണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ്. | പി.ടി.എ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ : സയൻസ് . 2025 - 2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ കാർഷികവൃത്തിയുടെ പ്രാധാന്യം തിരിച്ചറിയൽ | ശലഭോദ്യാനം, ജൈവവൈവിധ്യ പാർക്ക്. പച്ചക്കറിത്തോട്ടം, ശലഭോദ്യാനം ഔഷധസസ്യങ്ങൾ ഇവയുടെ നിർമ്മാണം. കുട്ടികൾ തന്നെ തിരഞ്ഞെടുക്കൽ. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ. | ജൂൺ മുതൽ ഓഗസ്റ്റ് വരെ. | കാർഷിക ക്ലബ് പി.ടി.എ കുട്ടികൾ | |
| ശാസ്ത്ര പ്രോജക്റ്റ് ശേഷി വികസിപ്പിക്കുക. വൈവിധ്യ ശാസ്ത്ര ഉപകരണങ്ങൾ ...ഗിക്കാവും ചെയ്യുന്നു. | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഇവയുടെ ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷണ നിരീക്ഷണത്തിലൂടെ ജ്ഞാനം തിരിച്ചറിയൽ ത്വരിതമാക്കൽ. | വർഷം മുഴുവൻ. | സയൻസ് ക്ലബ്. ശാസ്ത്രാധ്യാപകർ, കുട്ടികൾ | |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്രരംഗത്തെ നിരന്തര ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനിടെ പ്രയോജനപ്പെടുത്തുന്നു. | വിസ്മയ യാത്ര. ICTയുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രജ്ഞന്മാർ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കിട്ടുന്ന അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രീയ മനോഭാവം വളർത്തൽ | ശാസ്ത്രത്തിന്റെ രീതി, ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനങ്ങൾക്ക് എന്നിവ ബോധവൽക്കരിച്ചുള്ള ക്ലാസുകൾ, ക്വിസ്, സംവാദങ്ങൾ പ്രൊജക്ടുകൾ, സെമിനാറുകൾ എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, പി.ടി.എ. | |

| | | | | |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധപരിശീലനവും ക്ലാസുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ | അവധിദിനങ്ങൾ | ശാസ്ത്രാധ്യാപകർ പി.ടി.എ. | |
| തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ശാസ്ത്രപഠനത്തിലൂടെ. ബോധ്യപ്പെടുത്തുക. വിവിധ തൊഴിലിൽ പ്രാവീണ്യം നേടുക. | ശാസ്ത്രമായി വിവിധ തൊഴിലുകളിൽ പരിശീലനം നൽകുക. ഇലക്ട്രിക് ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ, കൃഷി, ഉപകരണങ്ങൾ നിർമ്മിക്കൽ തുടങ്ങിയവയിൽ പരിശീലനം നൽകൽ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ പി.ടി.എ. | |
| ഊർജ്ജസംരക്ഷണം, ശുദ്ധജലം തുടങ്ങിയവയുടെ പ്രാധാന്യം തിരിച്ചറിയൽ | ഊർജ്ജസംരക്ഷണപ്രവർത്തനങ്ങൾ നടത്തുക. മഴവെള്ളം, നാടൻ ജലാശയങ്ങൾ ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ കുട്ടികൾ, പി.ടി.എ, | |

# അക്കാദമിക് മാസ്റ്റർപ്ലാൻ മേഖല - യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരമൊരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ നടത്തുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One man show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് അവസരം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടികളുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിടിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവനാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായ | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഏണിയുടെ ഘട്ടങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | | | |
| | F.M Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാ സൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ മേഖല - യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും രാജ്യങ്ങളും സംസ്ഥാനങ്ങളും ജില്ലകളും ഭൂപടങ്ങളിൽ അടയാളപ്പെടുത്താനും ധാരണയുണ്ടാകുന്നു. | എല്ലാ കുട്ടികളെയും സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ യോഗം ചേർന്ന് ഭൂപടങ്ങൾ കാണിച്ച് ഇന്ത്യ, കേരളം, ലോകം എന്നിവയുടെ ഭൂപടം നോട്ട്ബുക്കിന്റെ ആദ്യ ഭാഗത്ത് വരച്ച് ചേർക്കുന്നു. | ജൂൺ - സെപ്റ്റംബർ | സോഷ്യൽ സയൻസ് അദ്ധ്യാപിക | |
| അക്ഷാംശ രേഖാംശങ്ങളെക്കുറിച്ച് ധാരണയുണ്ടാകുന്നതിന്. | എല്ലാ കുട്ടികളും പന്തിൽ ഗ്ലോബിന്റെ മാതൃക നിർമ്മിച്ച് അക്ഷാംശ രേഖാംശങ്ങൾ രേഖപ്പെടുത്തുന്നു. | സെപ്റ്റംബർ - ഡിസംബർ | സോഷ്യൽ സയൻസ് അധ്യാപിക | |
| ജില്ലകളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നതിന് - ജില്ലാ വിശേഷം | നവംബർ മാസത്തിൽ കേരളപ്പിറവിയോടനുബന്ധിച്ച് എല്ലാ ജില്ലകളുടെയും പ്രത്യേകതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കിവരുന്നു. | നവംബർ | സോഷ്യൽ സയൻസ് അധ്യാപിക | |
| നമ്മുടെ നാട്ടിലെ ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളെ കുറിച്ച് അറിയുന്നതിന് | വൈദ്യരത്നം ഹിസ്റ്റോറിക്കൽ മ്യൂസിയം സന്ദർശിക്കുന്നു. പ്രാധാന്യത്തെകുറി കുറിപ്പ് തയ്യാറാക്കുന്നു. | 1 തവണ | എല്ലാ അധ്യാപകരും | 1000 |

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | ഭൂപ്രകൃതി വൈവിധ്യങ്ങൾ, നദികൾ, തലസ്ഥാനങ്ങൾ തുടങ്ങി അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്രം അധ്യാപകൻ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ജനാധിപത്യപരമായ ജീവിത സമീപനം ഉൾപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ. | |
| പൗരധർമ്മം മനസ്സിലാക്കുക ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക | ഭരണഘടന നൽകുന്ന മൗലിക അവകാശങ്ങളെക്കുറിച്ചും മൗലിക കടമകളെ കുറിച്ചും ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ. | |

അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025 - 26 - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തിക |
| --- | --- | --- | --- | --- |
| ഹിന്ദി ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുന്നു. എല്ലാ കുട്ടികളും ...ായിരിക്കാനുള്ള ശേഷി നേടുന്നു എന്ന് ഉറപ്പ് വരുത്തുന്നു. പരസ്പരം പരിചയപ്പെടാനുള്ള പദങ്ങൾ പഠിക്കുന്നു. | ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നു. അക്ഷരമാല്, വാക്കുകൾ എഴുതിയമാല്, നിഘണ്ടു നിർമ്മാണം. പ്രകൃതി ജീവികളുടെയും മൃഗങ്ങളുടെയും പേര് മനസ്സിലാക്കാൻ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. പരിചയപ്പെടുത്തുന്നു. സ്വന്തം പേരും കുട്ടികളുടെ പേരും എഴുതാൻ പഠിക്കുന്നു. നഴ്സറി കവിതകൾ, അഭിനയഗാനം എന്നിവ പരിശീലിക്കു | ജൂൺ - സെപ്തംബർ | ഹിന്ദി അധ്യാപിക | — |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആധുനിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നു. Birthday കാർഡുകൾ ഇ കാർഡുകൾ പോസ്റ്ററുകൾ മികവ് ഉയ രുടെ പരി ശീലനം. എണ്ണം പരിമിത | ICT യുടെ സഹായത്തോടെ കുട്ടികൾ പഠനപ്രവർ ത്തനങ്ങൾ. പ്രദർശനം. പോസ്റ്റർ നിർമ്മാണം ഐ.ടി അടിസ്ഥാനത്തിൽ. മികവ് തയ്യാറാക്കൽ. നമ്പർ ചാർട്ട് പ്രദർശനം Birth day കാർഡുകളുടെ നിർമ്മാണവും കൈമാറ്റവും സമ്മാന വിതരണവും. | ഒക്ടോബർ - ഡിസംബർ | ഹിന്ദി അധ്യാപിക | 500/- |